കേരള സർക്കാർ

തദ്ദേശസ്വയം ഭരണ (ഡി പി) വകുപ്പ്

നംപർ. 8906(1) ഡി. പി. 3/05/തസ്വഭവ തിരുവനന്തപുരം, 08/07/2005

സർക്കുലർ

വിഷയം:- വികേന്ദ്രീകൃതാസൂത്രണം - അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരെക്കതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. 27/03/2003-ലെ 10703/ഡിപി1/03/തസ്വഭവ നംപർ സർക്കുലർ

2. സ.ഉ.(എം.എസ്)നംപർ 97/2005/ആർ.ഡി തീയതി 16/04/2005.

വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തിയാക്കാത്ത് ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും പ്രസ്തുത തുക ഇൗടാക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അഡ്വാൻസ് തുക കൈപ്പറ്റി നിർവ്വഹണം പൂർത്തിയാക്കാത്തഎല്ലാ പ്രവർത്തികളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച ഒരു റിപ്പോർട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണം. പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി ലഭിച്ച തുക അഡ്വാൻസ് നൽകിയ തുകയും തീയതിയും അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാരുടെ പേരും മേൽവിലാസവും, ഭാഗികമായി പ്രവൃത്തി പൂർത്തിയാക്കി പാർട്ട് ബില്ലിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്.

2. ഈ റിപ്പോർട്ട് തദ്ദേശ ഭരണ സ്ഥാപനം ചർച്ച ചെയ്യേണ്ടതും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. കൺവീനർമാരിൽ നിന്നും 12 ശതമാനം പലിശയോടെ അഡ്വാൻസ് തുക തിരിച്ചു പിടിക്കുന്നതിന് ആദ്യം ശ്രമിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ റവന്യൂ റിക്കവറി മുഖേന പ്രസ്തുത തുക ഈടാക്കേണ്ടതാണ്. വ്യക്തിയിൽ/ വ്യക്തികളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നത് കേരള റവന്യൂ റിക്കവറി ആക്ടിൻെറ (1968) പരിധിയിൽ ഉൾപ്പെടുത്തി പുറപ്പെടുവിച്ച വിജ്ഞാപനത്തിൻെറ കോപ്പി ഈ സർക്കുലറിൻെറ അനുബന്ധമായി നൽകിയിട്ടുണ്ട്. അഡ്വാൻസ് തുക റവന്യൂ റിക്കവറി മുഖേന തിരിച്ചു പിടിക്കുമ്പോൾ റവന്യൂ റിക്കവറിക്ക് പ്രാബല്യത്തിലുള്ള 18 ശതമാനം പലിശ ഈടാക്കേണ്ടതാണ്.

4. പെർേഫാമൻസ് ആഡിറ്റ് വിഭാഗവും ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗവും ഈ നിർേദ്ദശങ്ങളെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള അടിസ്ഥാന നിർേദ്ദശങ്ങളായി സ്വീകരിക്കേണ്ടതാണ്.

എസ്. എം. വിജയാനന്ദ്

ഗവൺമെൻറ് സെക്രട്ടറി

1. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർേപഴ്സൺമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർ പേഴസൺമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8. മെംപർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
11. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണം, തിരുവനന്തപുരം
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
14. എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ , തിരുവനന്തപുരം
15. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
16. എല്ലാ ജില്ലാ കളക്ടർമാർ(ആസൂത്രണ സമിതി സെക്രട്ടറിമാർ)ക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
19. അക്കൗണ്ടൻറ് ജനറൽ(എ ഇ) കേരളം, തിരുവനന്തപുരം(ഉപരി പത്രം സഹിതം)

20. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

21. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

22. ജനറൽ സെക്രട്ടറി, കേരള പഞ്ചായത്ത് അസോസിയേഷൻ

23. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

24. സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ

25. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാരുടെ ചേംബർ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :

1. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

2. ഗ്രാമവികസന വകുപ്പ് മൻത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾ

4. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.